**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 230** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ വി ശശി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് പ്രത്യേക ഊന്നൽ നൽകേണ്ടതായ സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗവിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് പ്രത്യേക ഊന്നൽ നൽകേണ്ടതായ സാഹചര്യം പരിശോധനാ വിധേയമാക്കിയട്ടുണ്ട്. പട്ടികജാതി / പട്ടികവർഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും വനിതകൾക്ക് പ്രാതിനിധ്യം ഉറപ്പ് വരുത്തിയാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പട്ടിക വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികൾ അടക്കമുള്ള എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ഉന്നമനത്തിന് കൂടുതൽ പരിഗണന നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നിലവിൽ പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായി 6 സ്കൂളുകൾ വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ 11 സ്കൂളുകൾ മിക്സഡ് സ്കൂളുകളായും പ്രവർത്തിക്കുന്നുണ്ട്. ആകെ 22 സ്കൂളുകളിലും 60 ശതമാനത്തോളം പെൺകുട്ടികളാണ് പഠനം നടത്തി വരുന്നത്. വകുപ്പിന്റെ കീഴിലുള്ള എം. ആർ. എസ്സുകളിലും ഹോസ്റ്റലുകളിലും പെൺകുട്ടികൾക്ക് പ്രത്യേകമായി സ്കൂളുകളും ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>സംസ്ഥാനത്ത് പട്ടികജാതി വിഭാഗം പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി മാത്രം പ്രത്യേക ഊന്നൽ നൽകേണ്ട സാഹചര്യം നിലവിൽ പരിശോധന വിധേയമാക്കിയിട്ടില്ല. വിദ്യാർത്ഥിനികൾക്ക് എല്ലാവിധ അടിസ്ഥാ സൗകര്യങ്ങളോടും കൂടി വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 8 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും, 44 പ്രീ-മെട്രിക് ഹോസ്റ്റലുകളും, 3 മോഡൽ റസിഡൻഷ്യൽ |

| | | | |
|---|---|---|---|
| | | | സ്കൂളുകളും വിദ്യാർത്ഥിനികൾക്കായി മാത്രം പ്രവർത്തിച്ച് വരുന്നു.<br><br>പട്ടിക വിഭാഗത്തിലുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും പഠനം ഉറപ്പ് വരുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1: പ്രീമെട്രിക് സ്കോളർഷിപ്പ്<br><br>2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br><br>3. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്<br><br>4 സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം<br><br>5. ലാപ്ടോപ് ധനസഹായം<br><br>6. സിവിൽ സർവീസ് പരിശീലനം<br><br>7. വിങ്സ് കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്<br><br>8.. സിവിൽ സർവീസ് പരിശീലനം<br><br>9. വിഷൻ- മെഡിക്കൽ/എഞ്ചിനിയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനത്തിന് ധനസഹായം |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വ്യക്തിഗത ആനുകൂല്യം നൽകുമ്പോൾ വനിതകൾക്കും വിദ്യാർത്ഥിനികൾക്കും കൂടുതൽ പ്രാധാന്യം നൽകുന്നതിന് പ്രത്യേക നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പട്ടികജാതി വിഭാഗങ്ങളിൽ വീട് അറ്റകുറ്റപ്പണികൾ തീർക്കുന്നതിനുള്ള സേഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ വനിതകൾ കുടുംബനാഥകളായിട്ടുള്ളവർക്കും, പഠനമുറി പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ വിദ്യാർത്ഥിനികൾ കൂടുതൽ ഉള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകി വരുന്നു. പട്ടികവർഗ വിഭാഗങ്ങളിൽ ജനനി ജന്മരക്ഷ , വിവാഹ ധനസഹായം, എന്നിവ വനിതകൾക്ക് മാത്രമായി നടപ്പിലാക്കുന്ന പദ്ധതികളാണ് . കൂടാതെ ഗോത്രബന്ധു, കേരള ട്രൈബൽ പ്ലസ്, ഭവന നിർമ്മാണ ഗ്രാന്റ് എന്നീ പദ്ധതിയിലും വനിതകൾക്ക് കൂടുതൽ പ്രാതിനിധ്യം ഉറപ്പ വരുത്തുന്നുണ്ട്. നൈപുണ്യ വികസന പരിശീലനത്തിൽ ഏവിയേഷൻ പരിശീലനത്തനായി 100 പെൺകുട്ടികൾ പരിശീലനം നേടുകയും എല്ലാവർക്കും സംസ്ഥാനത്തിനകത്തും പുറത്തുള്ള വിവിധ അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ പ്ലെയ്സ്മെന്റ് മുഖേന തൊഴിൽ ലഭിച്ചിട്ടുണ്ട്. |
| (സി) | സാമൂഹിക പഠനമുറി പദ്ധതിയിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽപ്പെടുന്ന | (സി) | പട്ടിക വർഗ്ഗ ഉന്നതികളിൽ നിത്യേന ഭവനങ്ങളിൽ നിന്ന് സ്കൂളുകളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികളെ |

| | | | |
|---|---|---|---|
| | പെൺകുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | പഠനത്തിൽ സഹായിക്കുന്നതിനായി അവരുടെ ഉന്നതികളിലെ പൊതു കെട്ടിടങ്ങളായ കമ്യൂണിറ്റി ഹാൾ തുടങ്ങിയവ പഠനമുറിയാക്കി വിദ്യാർത്ഥികൾക്ക് സ്കൂൾ വിട്ടു വന്നതിനു ശേഷവും ,അവധി ദിവസങ്ങളിലും പഠനത്തിന് ആവശ്യമായ സഹായങ്ങളും കരിയർ നൈപുണ്യ പരിശീലനങ്ങളും നൽകിവരുന്നു. പെൺകുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഉന്നതികളിൽ ഉള്ള പെൺകുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഈ പഠനമുറി പ്രയോജനപ്പെടുന്നുണ്ട്. |
| (ഡി) | പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി നിശ്ചയിച്ചിട്ടുള്ള ഫണ്ടിൽ ന്യായമായ വിഹിതം പട്ടികജാതി വനിതകളുടെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശം നൽകുമോ? | (ഡി) | 2025-26 വർഷം സംസ്ഥാന ബജറ്റിന്റെ 20.8% ജെൻഡർ ബജറ്റിനായി നീക്കി വച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട ജെൻഡർ ബജറ്റിന്റെ ഭാഗമായി വിവാഹധനസഹായം, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, വാൽസല്യനിധി എന്നീ പദ്ധതികളുടെ 100% തുക സ്ത്രീകൾക്കായി മാറ്റിവച്ചിട്ടുണ്ട്. കൂടാതെ ദുർബല വിഭാഗ പുനരധിവാസ പദ്ധതി, വിദ്യാഭ്യാസ ധനസഹായം, സ്കോളർഷിപ്പുകൾ, നൈപുണ്യ വികസന പദ്ധതി, ആരോഗ്യ പരിരക്ഷ, എന്നിവയുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സ്ത്രീകൾക്ക് മുൻഗണന നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ